**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **26-07-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ ഇപ്പോൾ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ സ്ത്രീകളെത്ര; പുരുഷന്മാർ എത്ര;വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 37,68,346 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 23,80,450 സ്ത്രീകളും 13,87,871 പുരുഷൻമാരും 25 ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പി. എസ്. സി. വഴി നിയമനം ലഭിച്ച പലരും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരാണെന്നിരിക്കെ അത്തരം ഉദ്യോഗാർത്ഥികളുടെയും മറ്റ് സർക്കാർ ജോലി ലഭിച്ചവരുടെയും പേരുകൾ പ്രസ്തുത രജിസ്റ്ററിൽ നിന്നും ഒഴിവാക്കാൻ ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ പി.എസ്.സി മുഖേന നിയമനം ലഭിക്കുകയോ, മറ്റ് സർക്കാർ ജോലി ലഭിക്കുകയോ ചെയ്യുമ്പോൾ ടി ഉദ്യോഗാർത്ഥികൾ ആ വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രേഖാമൂലം അറിയിക്കുകയാണെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ ലൈവ് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ